ശ്രീ. പി. നാണു: ഞാൻ ചോദിച്ചതു് മേജർ മുനിസിപ്പാലിറ്റികളുടെ കാര്യമല്ല. ചെറിയ മുനിസിപ്പാലിറ്റികളിൽ ഉണ്ടാകുന്ന കൊതുകുശല്യത്തിന്റെ നിവാരണത്തിനായി സവമ്മെണ്ടു് എന്തെങ്കിലും തുക വഹിക്കുന്നുണ്ടോ എന്നാണു്?

ശ്രീ ഏ. ജെ. ജാൺ: തല്ക്കാലം വഹിക്കുന്നില്ല.

ശ്രീ. പി. നാണു: അതിനെപ്പറ്റി ശവമ്മെണ്ടു് ആലോചിക്കുമോ?

ശ്രീ. ഏ. ജെ. ജാൺ: ആലോചിക്കാം.

SPECIAL COURSES OF STUDY

*777. [6] **Sri. E P. Paulose :** Will the Hon'ble Minister for Education, Labour and Civil Supplies be pleased to state.—

(*a*) whether selection of candidates for special courses of study in other Indian and Foreign Universities is done after advertisement;

(*b*) whether candidates for admission to Forest Research course were selected in 1949 and 1950; and

(*c*) whether and how the selection of candidates was previously announced?

Sri. Panampilli Govinda Menon :

(*a*) For Technical studies the students are selected by advertisement. Where special kind of training is required on Government purposes, candidates in services are selected after consulting the Heads of Departments concerned.

(*b*) No.

(*c*) The selections were announced by informing the candidates selected.

ശ്രീ. ഇ പി. പൗലോസ്: സ്പെഷ്യൽ കോഴ്സ് സ്റ്റഡിക്കു ആരേയും ഇതുവരേയും എടുത്തിട്ടില്ലെന്നാണോ ശവമ്മെണ്ടു് പറയുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഫാറസ്റ്റ് റിസർച്ചു് കോഴ്സിനു ഫൻർൻ— ഇ ഠ-ൽ ആരേയും എടുത്തിട്ടില്ലെന്നാണു് പറഞ്ഞതു്.

ശ്രീ. ഇ. പി. പൗലോസ്: അതിനുമുൻപു എടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പറ്റി എനിക്കിപ്പോൾ ഓർമ്മയില്ല.

ശ്രീ. കെ. എ. മാത്യു: ഇൻഡ്യയിലെ ലിവർബ്രദേഴ്സ് കമ്പനിയിൽനിന്നും കൊച്ചിവിദ്യാർത്ഥികളെ ടെയിനിംഗിനായി കൊടുക്കണമെന്നു് ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു നോട്ടീസു് വേണം.

DISTRIBUTION OF FOOD GRAINS

*778. [7] **Sri. E. P. Paulose :** Will the Hon'ble Minister for Education, Labour and Civil Supplies be pleased to state.—

(*a*) whether Government have under consideration any change in the existing system of distribution of food grains through ration merchants;

(*b*) whether two different systems are not followed in Cochin and Travancore; and

(*c*) if so, whether Government propose to introduce similar methods in the two areas of Travancore-Cochin?

Sri. Panampilli Govinda Menon :

(*a*) & (*b*) Yes; with regard to wholesale distribution.

(*c*) This is under consideration.

ശ്രീ. ഇ. പി. പൗലോസ്: ഏതു മുതൽ നടപ്പിൽ വരുമെന്നാണു് പറയുന്നതു്?

Sri. Panampilli Govinda Menon: It is being considered. I cannot give the date.

ശ്രീ. ഇ. പി. പൗലോസ്: ഇതിലേക്കു് ശവമ്മെണ്ടിനു എന്തെങ്കിലും കൂടുതൽ ചെലവു വരുമോ?

Sri. Panampilli Govinda Menon: Before final consideration, I cannot say what the excess expenditure will be.

നഴ്സുമാരുടെ വിവാഹ പ്രശ്നം

* ൭ ൻ. (൨) ശ്രീ. ഏ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

സംസ്ഥാനത്തെ ആശുപത്രികളിലെ നേഴ്സുമാരെ വിവാഹം കഴിക്കുവാൻ അനുവദിക്കാത്തതു് എന്തുകൊണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജാൺ: സ്റ്റാഫ് നഴ്സസ് ഒഴികെയുള്ള നഴ്സുമാക്ക ജോലിയിൽ പ്രവേശിച്ചു അഞ്ചുകൊല്ലം കഴിഞ്ഞശേഷം വിവാഹം കഴിക്കാമെന്നാണ് വ്യവസ്ഥ. സ്റ്റാഫ് നഴ്സുകൾ വിവാഹം കഴിക്കരുതെന്നാണ് പറഞ്ഞിരിക്കുന്നതു്. നഴ്സുകൾ വിവാഹം കഴിക്കുന്നപക്ഷം കായ്ക്ഷമമായി അവരുടെ ഔദ്യോഗിക ജോലികൾ നിവ്വഹിക്കുവാൻ സാദ്ധ്യമല്ലെന്ന കണ്ടിട്ടാണ് അങ്ങനെ വ്യവസ്ഥ ചെയ്തിരിക്കുന്നതു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: പുരുഷന്മാക്ക വിവാഹം ആകാമെന്നവച്ചിട്ടുണ്ടല്ലൊ. അവർ വിവാഹം കഴിച്ചാൽ കായ്ക്ഷമതയ്ക്ക കുറവുവരികയില്ലേ?

ശ്രീ. എ. ജെ. ജാൺ: പുരുഷന്മാരുടെ നിലയല്ല സ്ത്രീകളുടേതു്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ലേഡി ഡാക്ടർമാക്ക വിവാഹം കഴിക്കാമെന്ന വച്ചിരിക്കുന്നതു് എന്തുകൊണ്ടാണു്?

ശ്രീ. എ. ജെ. ജാൺ: അവക്ക കുറച്ചുസമയത്തെ ജോലി മാത്രമെയുള്ളു. അതുകൊണ്ടു കായ്ക്ഷമതക്കുറവൊന്നും വരുന്നില്ല.

ശ്രീ. എ. சிதம்பரநாத நாடார்: இது மெயில் நர்ஸுகளைப் பாதிக்குமா?

கனம். ശ്രീ. എ. ജെ. ജാൺ: பாதிக்காது.

ശ്രീ. എ. കെ. പാച്ചുപിള്ള: എന്തു അടിസ്ഥാനമാക്കിയാണു് ഈ കൊല്ലം എന്നവച്ചിരിക്കുന്നതു്?

ശ്രീ. എ. ജെ. ജാൺ: ഈ കൊല്ലം എന്നാണു് ഇതിനെപ്പറ്റിയുള്ള എക്സ്പർട്ട കമ്മിറ്റി നിയമനം. അങ്ങനെയാണു് ഗവൺമെണ്ടിലേക്കു് എഴുതി അയച്ചിരിക്കുന്നതു്. ഗവൺമെണ്ടു് അതു് സ്വീകരിക്കുകയും ചെയ്തു.

Sri. D. Gnanasigamony: May I know, Sir, whether this is the same rule which is obtaining elsewhere?

ശ്രീ. എ. ജെ. ജോൺ: എന്നാണറിവു്.

ഐക്യസംസ്ഥാനത്തിലെ ഉദ്യോഗസ്ഥന്മാരുടെ സഞ്ചാരബത്ത

* ൭൫ ൦. (൯) ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ വിഭാഗത്തെ ഗവൺമെണ്ടു് ഉദ്യോഗസ്ഥന്മാക്കും കൊച്ചി വിഭാഗത്തിലെ ഗവൺമെണ്ടു് ഉദ്യോഗസ്ഥന്മാക്കും ഒരേതോതിലുള്ള സഞ്ചാരബത്തയാണോ ഇപ്പോൾ നൽകിവരുന്നതു്;

(ബി) ബത്തയുടെ കാര്യത്തിൽ വല്ല വ്യത്യാസമുണ്ടെങ്കിൽ തിരുവിതാംകൂറിൽ താമസിക്കുന്ന കൊച്ചി ഉദ്യോഗസ്ഥന്മാക്ക തിരുവിതാംകൂർ നിയമമനുസരിച്ചു ടി. എ. കൊടുക്കാത്തതിന്റെ കാരണമെന്തു്?

ശ്രീ. എ. ജെ. ജാൺ:

(എ) ഒരേനിരക്കിലുള്ള സഞ്ചാരപ്പടിയാണു് ഇപ്പോൾ നൽകിവരുന്നതു്. എന്നാൽ അതാതു സംസ്ഥാനത്തിലെ സവ്വീസു ചട്ടങ്ങളിലുള്ള നിയമങ്ങളാണു് സംയോജനത്തിനുമുൻപു അതാതു സംസ്ഥാനത്തിലെ സ്ഥിരം ഉദ്യോഗസ്ഥന്മാക്ക ബാധകമായിട്ടുള്ളതു്.

(ബി) സവ്വീസു് ചട്ടങ്ങൾക്ക ഐകരൂപ്യം വരുത്തുന്നജോലി പൂത്തിയാകാത്തതിനാൽ.

ശ്രീ. കെ. എ. മാത്യു: ആ ജോലി എന്നത്തേക്കു് പൂത്തിയാവും?

ശ്രീ. എ. ജെ. ജാൺ. ഒന്നരണ്ടാഴ്ചകൊണ്ടു പൂത്തിയാകുന്നതാണു്.

ശ്രീ. എം. ആർ. വേലപ്പൻ: കൊച്ചിയിൽ ജോലി ചെയ്യുന്ന തിരുവിതാംകൂറിലെ ഉദ്യോഗസ്ഥന്മാക്ക തിരുവിതാംകൂറിലെ റേറനുസരിച്ചാണു് ഇപ്പോഴും സഞ്ചാരപ്പടി കൊടുക്കുന്നതെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെ കൊടുക്കുന്നുണ്ടു്.

ശ്രീ. എം. ആർ. വേലപ്പൻ: അതുകൊണ്ടു് അവക്ക നഷ്ടം ഉണ്ടാകുന്നുണ്ടെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly